സ്വകാര്യ മെഡിക്കൽ ലാബുകളുടെ പ്രവർത്തനം

71(2539) ശ്രീ. സി. ദിവാകരൻ :

ശ്രീ. കെ. രാജു :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് സ്വകാര്യ മെഡിക്കൽ ലാബുകളുടെ എണ്ണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ലാബുകളുടെ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനും ഏതെങ്കിലും സംവിധാനം നിലവിലുണ്ടോ;

(സി) സംസ്ഥാനത്ത് ആകെ എത്ര ലാബുകൾ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ ദേശീയ നിലവാരത്തിൽ അക്രഡിറ്റേഷൻ ഉള്ളവ എത്ര;

(ഡി) ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് മെഡിക്കൽ ലബോറട്ടറികൾ തുടങ്ങാൻ അനുമതി നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്ന സേഫ് കേരള പ്രോഗ്രാമിന്റെ ഭാഗമായി സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറികൾ, ജനറ്റിക് ക്ലിനിക്കുകൾ തുടങ്ങിയവ എല്ലാ ജില്ലകളിലും ഒരേ ദിവസം പരിശോധിച്ച് ഗുണനിലവാരം, ശുചിത്വം, ഉദ്യോഗസ്ഥരുടെ യോഗ്യത തുടങ്ങിയവ നിരീക്ഷിച്ച് ആവശ്യമെങ്കിൽ നിയമ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) സ്വകാര്യ ലാബുകൾക്ക് ലൈസൻസ് നൽകുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളായതിനാൽ സ്വകാര്യ ലാബുകൾ സംബന്ധിച്ച വിവരം ഈ വകുപ്പിൽ ക്രോഡീകരിച്ചിട്ടില്ല.

(ഡി) സ്വകാര്യ പരിശോധനാ ലാബുകൾക്ക് ലൈസൻസ് നൽകുന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly